1.

# അക്ഷരങ്ങളുടെ ഉത്ഭവ സ്ഥാനം

ഭാഷയിലെ ഓരോ അക്ഷരത്തിനും പ്രത്യേകമായ സ്ഥാനമുണ്ട്. ഓരോ അക്ഷരത്തെയും അവയുടെ സ്ഥാനം മനസ്സിലാക്കി ഉച്ചരിക്കുമ്പോഴാണ് ഭാഷ നന്നാവുക. എല്ലാ ഭാഷയുടെയും സ്ഥിതി അതാണ്. അറബിഭാഷയിലാകട്ടെ ആ നിയമം കർക്കശവുമാണ്. നിയമം അനുസരിക്കാതെ ഉച്ചരിച്ചാൽ അർഥം മാറിപ്പോകാൻ ഏറെ സാധ്യതയും ആ ഭാഷക്കുണ്ട്. അതിനാൽ വാക്കുകളെ അവയുടെ യഥാർഥ ഉത്ഭവസ്ഥാനത്തുനിന്ന് ഉച്ചരിക്കാൻ പരമാവധി ശീലിക്കണം.

ഓരോ വാക്കിൻെറയും ഉത്ഭവസ്ഥാനം എങ്ങനെയാണ് മനസ്സിലാക്കുക? ഓരോ അക്ഷരവും ഇരട്ടിപ്പിച്ചോ സുകൂനോടു (ـْـ) കൂടിയോ ഉച്ചരിക്കുമ്പോൾ ശബ്ദം എവിടെ അവസാനിക്കുന്നുവോ അതാണ് അവയുടെ ഉത്ഭവം. ഉദാഹരണമായി ന (نْ) എന്ന അക്ഷരത്തിൻെറ ഉത്ഭവം മനസ്സിലാക്കാൻ അതിനെ സുകൂനാക്കി ൻ എന്നോ ഇരട്ടിപ്പിച്ച് ന്ന എന്നോ ഉച്ചരിക്കുമ്പോൾ നാവ് എവിടെ വെക്കുന്നുവോ ആ സ്ഥാനമാണ് ന എന്ന അറ്റരത്തിൻെറ ഉത്ഭവം.

അറബിഅക്ഷരങ്ങളുടെ ഉച്ചാരണത്തിൽ പ്രധാനമായും പങ്കെടുക്കുന്ന ശരീരഭാഗങ്ങൾ വായുഅറകൾ, ശ്വസനനാളം, തൊണ്ട, നാവ്, പല്ല്, ചുണ്ടുകൾ, അണ്ണാക്ക്, തരിമൂക്ക് എന്നിവയാകുന്നു. അക്ഷരങ്ങളുടെ ഉച്ചാരണങ്ങൾക്കനുസരിച്ച് വായയെ അതിൻെറ മുൻഭാഗം, മധ്യഭാഗം, പിൻഭാഗം എന്നിങ്ങനെ വേർതിരിക്കാവുന്നതാണ്.

അറബിഅക്ഷരങ്ങളുടെ ഉത്ഭവസ്ഥാനങ്ങളെ ലഘുവായി താഴെ പരിചയപ്പെടുത്തിയിരിക്കുന്നു.

| അക്ഷരം | ഉച്ചാരണം | ഉദാഹരണം |
|---|---|---|
| أ അ | തൊണ്ടയുടെ മേലറ്റം | أَرَأَيْتَ അറഅയ്ത |
| ب ബ | ചുണ്ടുകൾക്കിടയിൽ | تَبَّتْ തബ്ബത് |
| ت ത | നാവിൻെറ അഗ്രവും മേൽവരിപല്ലിൻെറ മുരടും | فَتْحٌ ഫത്ഹുൻ |
| ث ഥ | നാവിൻെറ അഗ്രവും മേൽവരിപല്ലിൻെറ താഴ്ഭാഗവും | مَثَلٌ മഥലുൻ |
| ج ജ | നാവിൻെറ മധ്യവും അതിനു നേരെയുള്ള മേലണ്ണാക്കും | مَجِيدٌ മജീദ് |
| ح ഹ | തൊണ്ടയുടെ ഏകദേശം അറ്റം | حَفِيظٌ ഹഫീള് |
| خ ഖ | തൊണ്ടയുടെ അറ്റം മേലണ്ണാക്കിൽ തൊടുവിച്ച് | خَيْرٌ ഖൈറുൻ |
| د ദ | നാവിൻെറ ഏകദേശം അറ്റവും മേൽവരിപല്ലിനോട് ചേർന്ന അണ്ണാക്കും | حَدِيدٌ ഹദീദ് |
| ذ ദ | നാവിൻെറ ഏകദേശം അറ്റവും മേൽവരി പല്ലിനോട് ചേർന്ന അണ്ണാക്കും മൃദുലമായിട്ട് | عَذَابٌ അദാബ് |
| ر റ | നാവിൻെറ അഗ്രവും മേലെ അണ്ണാക്കിൻെറ താഴ്ഭാഗവും | رَبٌّ റ്റുൻ |
| ز സ | നാവിൻെറ ഏകദേശം അഗ്രവും മേലണ്ണാക്കിൻെറ താഴ്ഭാഗവും | زِينَةٌ സീനതുൻ |
| س സ | നാവിൻെറ ഏകദേശം അറ്റവും തൊട്ട് മുകളിലുള്ള അണ്ണാക്കും | نَفْسٌ നഫ്സുൻ |

| | | |
|---|---|---|
| ش ശ | നാവിൻെറ ഏകദേശം മധ്യവും തൊട്ട് മുകളിലുള്ള അണ്ണാക്കും | بَشِيرٌ ബശീറുൻ |
| ص സ്വ | നാവിൻെറ ഏകദേശം അറ്റവും തൊട്ട് മുകളിലുള്ള അണ്ണാക്കും | بَصَائِرٌ ബസ്വാഇറുൻ |
| ض ദ്വ | നാവും മേലെ അണ്ണാക്കും | فَضْلٌ ഫദ്ലുൻ |
| ط ത്വ | നാവിൻെറ തലയും മേൽവരിപല്ലിൻെറ മുരടും | فَطَهِّرْ ഫത്വഹ്ഹിർ |
| ظ ള്വ | നാവിൻെറ തലയും മേൽവരിപല്ലുകളുടെ തലയും | عَظِيمْ അള്വീം |
| ع അ | തൊണ്ടയുടെ മധ്യഭാഗം | عَظِيمٌ അള്വീമുൻ |
| غ ഗ | തൊണ്ടയുടെ മുകൾ ഭാഗം | صَغِيرٌ സ്വഗീറുൻ |
| ف ഫ | താഴെ ചുണ്ട് മേൽവരി പല്ലിനോട് ഏകദേശം ചേർത്തുവെച്ചിട്ട് | فِرْعَوْن ഫിർഔൻ |
| ق ഖ | നാവിൻെറ തൊണ്ടയോടടുത്ത ഭാഗവും നേരെ യുള്ള മേലഞ്ചാക്കും | رَقِيبٌ റഖീബുൻ |
| ك ക | നാവിൻെറ മേൽഅറ്റവും തൊട്ട് മുകളിലുള്ള അണ്ണാക്കും | كُلٌّ കുല്ലുൻ |
| ل ല | നാവിൻെറ അറ്റവും മേൽവരി പല്ലിനു മുകളിലുള്ള അണ്ണാക്കും | فَلَقْ ഫലഖ് |
| م മ | രണ്ട് ചുണ്ടുകളും ചേർത്തുവെച്ചിട്ട് | مَرَدٌ മറദുൻ |
| ن ന | നാവിൻെറ അറ്റവും മേൽവരി പല്ലിനു പിറകിലെ അണ്ണാക്കും | نَفْسٌ നഫ്സുൻ |
| هـ ഹ | തൊണ്ടയുടെ അറ്റം | قَهْرٌ ഖഹ്റുൻ |
| و വ | രണ്ടു ചുണ്ടുകളും വിടർത്തിക്കൊണ്ട് | وَهَبَ വഹബ |
| ي യ | നാവിൻെറ മധ്യവും അതിനു നേരെയുള്ള മേലണ്ണാക്കും ഏകദേശം തൊടുവിച്ച് | يَدٌ യദുൻ |